**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2914** **18-03-2022 - ൽ മറുപടിയ്ക്ക്**

**തടി ഉത്പന്നങ്ങളുടെ ഇ-ഓക്ഷൻ നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ തടി ഉത്പ്പന്നങ്ങളുടെ ഇ-ഓക്ഷൻ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | വനം വകുപ്പ് മുഖേന മരം ലേലത്തിലെടുക്കുന്നതിനുള്ള നടപടി ക്രമങ്ങളെ സംബന്ധിച്ച നോട്ടിഫിക്കേഷൻ 16.09.2014 ലെ കേരള ഗസറ്റ് വാല്യം 3 നമ്പർ 36-ലും, 04.11.2014 ലെ കേരള ഗസറ്റ് വാല്യം 3 നമ്പർ 43-ലും, 25.08.2015 ലെ കേരള ഗസറ്റ് വാല്യം 4 നമ്പർ 34-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി നോട്ടിഫിക്കേഷനുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ലേല നടപടികൾ നടന്നു വരുന്നത്. |
| (ബി) | സ്വകാര്യ ആവശ്യങ്ങൾക്ക് തടി വാങ്ങാനുദ്ദേശിക്കുന്നവർക്ക് വനം വകുപ്പിന്റെ ഇ-ഓക്ഷനിൽ പങ്കെടുക്കാതെ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ റീട്ടെയിൽ വ്യവസ്ഥയിൽ തടി ലഭ്യമാക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | വനം വകുപ്പിന്റെ ഓക്ഷനിൽ പങ്കെടുക്കാതെ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ റീട്ടെയിൽ വ്യവസ്ഥയിൽ തടി ലഭ്യമാക്കുന്നതിന് 04.04.2003 ലെ G.O.(Ms.) 21/2003/F&WLD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പിന്റെ അധീനതയിലുള്ള 5 തടി ഡിപ്പോകളിൽ റീട്ടെയിൽ വ്യവസ്ഥയിൽ തടി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിരുന്നു. തുടർന്ന് 15.03.2004 ലെ G.O.(Ms.) 16/2004/F&WLDനമ്പർ സർക്കാർ ഉത്തരവ് പ്രകാരം 18 തടി ഡിപ്പോകളിൽ റീട്ടെയിൽ വ്യവസ്ഥയിൽ തടി ലഭ്യമാക്കുകയും, 16.06.2008 ലെ G.O.(Ms.)36/2008/F&WLD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ തടി ഡിപ്പോകളിലും ഇ-ഓക്ഷനിൽ പങ്കെടുക്കാതെ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ റീട്ടെയിൽ വ്യവസ്ഥയിൽ തടി ലഭ്യമാക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്. ടി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ സർക്കാർ തടി ഡിപ്പോകളിലും ലഭ്യമായ തടിയുടെ 25% ചില്ലറ വിൽപനയ്ക്കായി മാറ്റി വയ്ക്കുകയും ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷകന് പരമാവധി 5 ക്യുബിക് മീറ്റർ വരെ അനുവദിച്ച് നൽകുന്നതുമാണ്. |

| | | | |
|---|---|---|---|
| (സി) | തടി/വിറക് ഉത്പന്നങ്ങൾക്ക് ഈടാക്കുന്ന നികുതികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ? | (സി) | വനം വകുപ്പിൽ നിന്ന് വിൽപന നടത്തുന്ന തടിക്ക് 18% ജി.എസ്.റ്റി ബാധകമാണ്. എന്നാൽ വിറകിന് ജി.എസ്.റ്റി. ബാധകമല്ല. കൂടാതെ തടിക്കും വിറകിനും 5% വന വികസന നികുതിയും 2.5% ആദായ നികുതിയും ഈടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ